നവ കേരളം കർമപദ്ധതി

# നവകേരളം വാർത്ത

2025 ഫെബ്രുവരി വാല്യം 1

ന്യൂസ് ലെറ്റർ

ഓൺലൈൻ

47




# കാൻസർ രോഗസാധ്യതയുള്ളവരെ കണ്ടെത്തി ചികിത്സ ഉറപ്പാക്കും

## മുഖ്യമന്ത്രി പിണറായി വിജയൻ

‘ആരോഗ്യം ആനന്ദം-അകറ്റാം അർബുദം’ ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിന്റെ ഭാഗമായി, വരുന്ന ഒരു വർഷം കൊണ്ട് സംസ്ഥാനത്തെ ജനങ്ങളിലെ കാൻസർ രോഗസാധ്യത കണ്ടെത്തുന്നതിനും ആരംഭഘട്ടത്തിൽ തന്നെ അവർക്ക് ചികിത്സ ഉറപ്പാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, സെർവിക്കൽ കാൻസർ എന്നിവയ്ക്കുള്ള പരിശോധനയും ചികിത്സയും ഈ കാലയളവിൽ ഉറപ്പാക്കും.

സർക്കാർ, സ്വകാര്യ, സഹകരണ മേഖലകൾ, സന്നദ്ധപ്രവർത്തകർ തുടങ്ങി എല്ലാ വിഭാഗങ്ങളേയും സഹകരിപ്പിച്ചാണ് ക്യാമ്പയിൻ സംഘടിപ്പിക്കുക. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ഇതിനായി ആസൂത്രണം ചെയ്തിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ‘ആർദ്രം ആരോഗ്യം’ ജനകീയ ക്യാമ്പയിന്റെ ഭാഗമായി ശൈലി ആപ്പ് വഴി നടത്തിയ ആദ്യഘട്ട സ്ക്രീനിംഗിൽ ഏകദേശം 9 ലക്ഷത്തോളം പേർക്കും, രണ്ടാംഘട്ട സ്ക്രീനിംഗിൽ 2 ലക്ഷത്തോളം പേർക്കും കാൻസർ സാധ്യത കണ്ടെത്തിയിരുന്നു. എന്നാൽ, ഇവരിൽ ഒന്നാംഘട്ടത്തിൽപ്പെട്ട 1.5 ലക്ഷംപേരും രണ്ടാംഘട്ടത്തിൽപ്പെട്ട 40,000 പേരും മാത്രമാണ് തുടർപരിശോധനയ്ക്ക് തയ്യാറായത്. രോഗസാധ്യത കണ്ടെത്തിയാൽ അവരെ പ്രാരംഭ ഘട്ടത്തിൽ തന്നെ ചികിത്സ തേടാൻ പ്രേരിപ്പിക്കണം. അവർ ഒരിക്കലും ഒറ്റപ്പെടുന്നില്ല, സർക്കാരും പൊതുസമൂഹവും അവരോടൊപ്പം എപ്പോഴും ഉണ്ടാകും എന്ന ആത്മവിശ്വാസം പകരണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ കാൻസർ ചികിത്സാരംഗത്തെ സുപ്രധാനമായ ചുവടുവയ്പാണിതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. 'ആരോഗ്യം ആനന്ദം അകറ്റാം അർബുദം’ പരിപാടിക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നുള്ള സ്പോൺസർഷിപ് എസ്.ബി.ഐ. ചീഫ് ജനറൽ മാനേജർ എ. ഭുവനേശ്വരി, ചീഫ് സെക്രട്ടറി ശാരദ മുരളീധരന് കൈമാറി.

റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ, ചലച്ചിത്ര താരം മഞ്ജുവാര്യർ, നഗരസഭ മേയർ ആര്യാ രാജേന്ദ്രൻ, എംഎൽഎമാരായ ആന്റണി രാജു, വി. ശശി, സി.കെ. ഹരീന്ദ്രൻ, ഐ.ബി. സതീഷ്, ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. വി.കെ. രാമചന്ദ്രൻ, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ, കാൻസർ വിദഗ്ധൻ ഡോ. എം.വി. പിള്ള, നവകേരളം കർമപദ്ധതി കോർഡിനേറ്റർ ഡോ. ടി.എൻ. സീമ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, വനിത ശിശുവികസന വകുപ്പ് ഡയറക്ടർ ഹരിത വി. കുമാർ, എംസിസി ഡയറക്ടർ ഡോ. ബി. സതീശൻ, ആർ.സി.സി. അഡീഷണൽ ഡയറക്ടർ ഡോ. സജീദ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയക്ടർ ഡോ. തോമസ് മാത്യു എന്നിവർ പങ്കെടുത്തു.



## എഡിറ്റോറിയൽ

# ഗ്രന്ഥശാലകൾ ഹരിത പദവിയിലേക്ക്



സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ ആശയം മുൻനിർത്തി ഹരിത പെരുമാറ്റച്ചട്ടം പാലിച്ചും ക്യാമ്പയിനിൽ പങ്കാളികളായും സംസ്ഥാനത്തെ ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാലകളായി മാറുകയാണ്. സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷനുമായി ചേർന്നാണ് പ്രവർത്തനങ്ങൾ. ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളിൽ ഹരിത പ്രോട്ടോക്കോൾ നടപ്പാക്കൽ, പ്രാദേശികമായി നടത്താൻ കഴിയുന്ന പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഗ്രന്ഥശാലാ പ്രവർത്തകരുടെ വീടുകൾ ഹരിത മാതൃകയാക്കൽ തുടങ്ങിയവ മുൻനിർത്തിയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. പൂർണ്ണമായും ഇവ നടപ്പാക്കുന്ന ഗ്രന്ഥശാലകളെ ഹരിതകേരളം മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ വിലയിരുത്തി ഹരിത ഗ്രന്ഥശാല സാക്ഷ്യപത്രം നൽകും. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനുമായി ബന്ധപ്പെടുത്തി ഗ്രന്ഥശാലകൾ സംഘടിപ്പിച്ചു വരുന്ന ബോധവൽക്കരണ ക്ലാസുകൾ ബഹുജന വിദ്യാഭ്യാസ പ്രവർത്തനമായി മാറുകയാണ്. ഇതിനു പുറമേ വീട്ടുമുറ്റ ക്ലാസുകളും നടത്തുകയാണ്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ച് ബോധവൽക്കരണ ക്ലാസുകൾ വ്യാപിപ്പിക്കാനും പദ്ധതിയുണ്ട്. ഗ്രന്ഥശാലയുടെ സമീപമുള്ള പ്രദേശങ്ങളുടെയും പൊതുസ്ഥലങ്ങളുടെയും സൗന്ദര്യവൽക്കരണം, ക്ലീൻ അപ് ഡ്രൈവുകൾ തുടങ്ങിയവയും ഇതിന്റെ ഭാഗമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയും ഈ പ്രവർത്തനങ്ങൾക്ക് ഉറപ്പാക്കുന്നുണ്ട്. 2025 മാർച്ച് 30-നകം സംസ്ഥാനത്തെ എല്ലാ ഗ്രന്ഥശാലകളെയും ഹരിത ഗ്രന്ഥശാല പദവിയിലെത്തിക്കാൻ ലക്ഷ്യമിട്ടാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

നാടും നഗരവും ഒത്തൊരുമിച്ച് വൃത്തിയിലേക്ക് നീങ്ങുകയാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന എണ്ണായിരത്തിലധികമുള്ള ഗ്രന്ഥശാലകൾ ഈ പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങുന്നത് മറ്റു സംഘടനകൾക്കും മാതൃകയാക്കാവുന്നതാണ്. ഈ വിധം എല്ലാവരും ഒരുമിച്ചാൽ സമ്പൂർണ ശുചിത്വ കേരളം വിദൂരമാകില്ല.

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# നാഗലശ്ശേരി ഹരിത പട്ടണം പ്രഖ്യാപനം



പാലക്കാട് ജില്ലയിൽ തൃത്താല ബ്ലോക്കിലെ നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് ഹരിത പട്ടണം പ്രഖ്യാപനവും ശുചീകരണ പ്രവർത്തനങ്ങളും സൗന്ദര്യവൽകരണ പരിപാടികളും മറ്റ് ഹരിത പ്രഖ്യാപനങ്ങളും തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷ് കൂറ്റനാട് സെന്ററിൽ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.വി. ബാലചന്ദ്രൻ അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്തിലെ വാർഡ് മെമ്പർമാർ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, മറ്റു ഉദ്യോഗസ്ഥർ, ഹരിതകേരളം മിഷൻ റിസോഴ്സ്പേഴ്സൺ, വ്യാപാരി വ്യവസായി പ്രതിനിധികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഹരിത കർമസേന അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# കാനാമ്പുഴ പുനരുജ്ജീവനം : ജാഗ്രത സമിതികൾ നിലവിൽ വന്നു



കണ്ണൂർ കാനാമ്പുഴ പുനരുജ്ജീവന പദ്ധതിയുടെ രണ്ടാം ഘട്ടം സമയബന്ധിതമായി നടപ്പാക്കാൻ കൂട്ടായ പരിശ്രമം വേണമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. കാനാമ്പുഴ പദ്ധതിയുടെ തുടർ പ്രവർത്തനം സംബന്ധിച്ച് കണ്ണൂർ ഗവ. ഗസ്റ്റ് ഹൗസിൽ ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി രൂപീകരിച്ച പ്രാദേശിക സന്നദ്ധ സമിതികളെ ജാഗ്രതാ സമിതികളായി നിലനിർത്താൻ യോഗം തീരുമാനിച്ചു. അഴുക്ക് ജലം പുഴയിലേക്ക് ഒഴുക്കിവിടുന്നത് പരിശോധിക്കും. കാർഷിക കൂട്ടായ്മകൾ രൂപീകരിക്കും. പ്രഭാത നടത്തക്കാരുടെ കൂട്ടായ്മ ഉണ്ടാക്കും. പദ്ധതി പ്രദേശം സൗന്ദര്യവത്കരിക്കുന്നതിനും ബോട്ടിൽ ബൂത്ത്, കോഫി ബൂത്ത്, സിസിടിവി എന്നിവ സ്ഥാപിക്കുന്നതിനും ഉടൻ നടപടികൾ സ്വീകരിക്കാൻ യോഗത്തിൽ തീരുമാനിച്ചു.



കാസർഗോഡ് ഉപ്പള ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ കെട്ടിടോദ്ഘാടനം പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കുന്നു. വിദ്യാകിരണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കെട്ടിടം നിർമ്മിച്ചത്.

## ചാക്കോച്ചൻ നൽകി 78 സെന്റ് : വെളിയന്നൂരിൽ 10 പേർക്കുകൂടി വീട് ആകും

ഭവനരഹിതരായ കുടുംബങ്ങൾക്കു സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 'മനസോടിത്തിരി മണ്ണ്' കാമ്പയിന്റെ ഭാഗമായി കോട്ടയം വെളിയന്നൂർ ഗ്രാമപഞ്ചായത്തിലെ നിരാലംബരായവർക്ക് വീട് നിർമാണത്തിന് 78 സെന്റ് ഭൂമി സംഭാവന നൽകി ഉഴവൂർ കിഴക്കേക്കുറ്റ് ചാക്കോച്ചൻ മാതൃകയായി. ലൈഫ് പദ്ധതിപ്രകാരം 10 വീടുകളാണ് ഈ സ്ഥലത്ത് നിർമിക്കുന്നത്.

ഭവനരഹിതരില്ലാത്ത കേരളം എന്ന സ്വപ്നം സർക്കാർ സ്ഥാപനങ്ങളുടെ മുൻകൈ കൊണ്ട് മാത്രം സാക്ഷാത്കരിക്കുക എളുപ്പമല്ലെന്ന സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ 'മനസോട് ഇത്തിരി മണ്ണ്' കാമ്പയിൻ പ്രഖ്യാപിച്ചത്. ഭൂമി കൈവശമുള്ളതും എന്നാൽ വീടില്ലാത്തതുമായ കുടുംബങ്ങൾക്ക് ഊന്നൽ നൽകി ലൈഫ് മിഷൻ പദ്ധതി രണ്ടാം ഘട്ടത്തിലുൾപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും വീട് നിർമ്മാണം വെളിയന്നൂർ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിരുന്നു. മൂന്നാം ഘട്ടത്തിൽ, ഭൂമിയോ



പാർപ്പിടമോ ഇല്ലാത്തവർക്ക് ഭൂമി വാങ്ങി നൽകുന്നതിനുള്ള സാമ്പത്തികം തടസമായ ഘട്ടത്തിലാണ് പ്രവാസിയായ കിഴക്കേക്കുറ്റ് ചാക്കോച്ചൻ സഹായസന്നദ്ധതയുമായി ഗ്രാമ പഞ്ചായത്തിനെ സമീപിച്ചത്. മൂന്നാം ഘട്ടത്തിൽ ഈ പത്ത് വീടുകളുടെ നിർമ്മാണം കൂടി പൂർത്തിയാവുന്നതോടെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും വീട് നൽകിയ ഗ്രാമപഞ്ചായത്തായി വെളിയന്നൂർ മാറും.

## പായം പഞ്ചായത്തിലെ ജനകീയ പാർക്കുകൾ നാടിന് മാതൃക : ഡോ. ടി.എൻ. സീമ

ഹരിത പാർക്കുകളുടെ പറുദീസയായി മാറിയ കണ്ണൂർ പായം പഞ്ചായത്തിലെ ജനകീയ ഹരിത പാർക്കുകൾ സംസ്ഥാനത്തിന് തന്നെ മാതൃകയാണെന്ന് നവകേരളം കർമ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ അഭിപ്രായപ്പെട്ടു. പായം പഞ്ചായത്തിലെ ജനങ്ങളുടെ പിന്തുണയോടെ സ്ഥാപിച്ച പതിമൂന്ന് പാർക്കുകൾ തികച്ചും വേറിട്ടതും മറ്റു തദ്ദേശ ഭരണങ്ങൾ മാതൃകയാക്കേണ്ടതുമാണ്. മാലിന്യം നിക്ഷേപിക്കുന്ന ഇടങ്ങൾ കണ്ടെത്തി അവിടെ പൂന്തോട്ടമൊരുക്കി മനോഹരമായ ചെറുതും വലുതുമായ ആകർഷകമായ പാർക്കുകളാക്കുന്നതിന് പായം പഞ്ചായത്ത് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നാട്ടുകാരും ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ ക്കൊപ്പം ചേർന്ന് നാടിന് വലിയൊരു സന്ദേശമാണ് നൽകുന്നത്. പഞ്ചായത്തിൽ മാതൃകാപരമായി ഒരുക്കിയ പാർക്കുകൾ സന്ദേർശിക്കാൻ ഹരിതകേരളം മിഷന്റെ സംസ്ഥന ടീം അംഗങ്ങൾക്കൊപ്പം എത്തിയതായിരുന്നു ഡോ. സീമ. പരിസ്ഥിതി പുനസ്ഥാപനത്തിന് മാതൃകാ പ്രവർ



ത്തനങ്ങൾ നടത്തിയ ഒരുമ റസ്ക്യു ടീം, ഗ്രീൻലീഫ് സൊസൈറ്റി, ഹരിതകർമ സേന, ജബ്ബാർക്കടവ് പാർക്ക് സംരക്ഷണ സമിതി എന്നിവരെ ഡോ. ടി.എൻ. സീമ ആദരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് പി. രജനി അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. വിനോദ് കുമാർ, ഹരിതകേരളം മിഷൻ ഉദ്യോഗസ്ഥരായ ടി.പി. സുധാകരൻ, എബ്രഹാം കോശി, റോജ സി., ഹരിതകേരളം മിഷൻ കണ്ണൂർ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ, റിസോഴ്സ് പേഴ്സൺ ജയപ്രകാശ് പന്തക്ക, ജനപ്രതിനിധികളായ വി. പ്രമീള, മുജീബ് കുഞ്ഞിക്കണ്ടി, ബിജു കോങ്ങാടൻ പഞ്ചായത്ത് സെക്രട്ടറി മധു എം.പി. എന്നിവർ സംസാരിച്ചു. മാലിന്യ സംസ്കരണം, ശുദ്ധമായ കുടിവെള്ള ലഭ്യത, ജലസ്രോതസ്സുകളുടെ സംരക്ഷണം, ഊർജ്ജ സംരക്ഷണം, തുടങ്ങിയ വിവിധ ഘടകങ്ങൾ സംയോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയ പരിപാടിയിൽ ജനപ്രതിനിധികൾ, പെരുമ്പറമ്പ് പാർക്ക് ഗ്രാമ ഹരിത സമിതി ഭാരവാഹികൾ, ജബ്ബാർക്കടവ് പാർക്ക് സംരക്ഷണ സമിതി അംഗങ്ങൾ, ഒരുമ റസ്ക്യു ടീം അംഗങ്ങൾ, ഹരിതകർമ സേനാംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# മലബാർ ക്യാൻസർ സെന്ററിൽ നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങൾ

ജലസംരക്ഷണം, വായു സംരക്ഷണം, പ്രകൃതി സൗഹൃദ ഇടങ്ങൾ, ഹരിത പെരുമാറ്റച്ചട്ടം, ദ്രവമാലിന്യ പരിപാലനം, ഇലക്ട്രോണിക് വേസ്റ്റ്, മെഡിക്കൽ മാലിന്യം, സാനിറ്ററി മാലിന്യം എന്നിവയുടെ സംസ്കരണം തുടങ്ങിയ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നെറ്റ്സീറോ കാർബൺ ക്യാമ്പസ് ആയി മലബാർ കാൻസർ സെന്ററിനെ മാറ്റിയെടുക്കുന്നതിനുള്ള പദ്ധതികൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്തു വരികയാണ്. ഇതിന്റെ ഭാഗമായി നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമയുടെ അധ്യക്ഷതയിൽ കോടിയേരി മലബാർ കാൻസർ സെന്ററിൽ അവലോകനയോഗം ചേർന്നു. മലബാർ ക്യാൻസർ സെന്ററിനെ നെറ്റ്സീറോ പദവിയിലേക്കെത്തിക്കുമെന്ന് ഡോ. ടി.എൻ. സീമ പറഞ്ഞു. മലബാർ കാൻസർ സെന്ററിൽ സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ അന്തരീക്ഷം ഉണ്ടാക്കിയെടുക്കുക, ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുക, ജൈവ-അജൈവ-ദ്രവ മാലിന്യ സംസ്കരണം കൃത്യമായി നടപ്പിലാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി ഹരിത ഓഡിറ്റ് ഇതിനകം നടത്തിയിട്ടുണ്ട്.



## കെഎസ്ആർടിസി ഓപ്പറേറ്റിങ് സെന്ററിൽ പച്ചത്തുരുത്ത്

തൃശൂർ കൊടുങ്ങല്ലൂർ നഗരസഭ, കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ കോമ്പൗണ്ടിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി ആരംഭിച്ച പച്ചത്തുരുത്തിന്റെ ഉദ്ഘാടനം വി.ആർ. സുനിൽകുമാർ എം.എൽ.എ. നിർവ്വഹിച്ചു. ഡിപ്പോ തരിശു ഭൂമിയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധയിനത്തിൽപ്പെട്ട നൂറ്റിയമ്പതോളം മാവിൻ തൈകൾ നട്ടുകൊണ്ടാണ് പച്ചത്തുരുത്ത്



നിർമ്മിച്ചിരിക്കുന്നത്. നഗരസഭ ചെയർപേഴ്സൺ ടി.കെ. ഗീത അദ്ധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി തൃശ്ശൂർ ജില്ലാ കോർഡിനേറ്റർ സി. ദിദിക, ഹരിതകേരളം മിഷൻ ആർ.പി., നഗരസഭ ആരോഗ്യ വിഭാഗം ജീവനക്കാർ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥർ, കെ.എസ്.ആർ.ടി.സി. ജീവനക്കാർ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർ സന്നിഹിതരായിരുന്നു.

## റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾക്ക് ശിൽപശാല

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി റസിഡന്റ്സ് അസോസിയേഷനുകളുടെ സംസ്ഥാന ജില്ലാതല ചുമതലക്കാരെ പങ്കെടുപ്പിച്ച് തിരുവനന്തപുരത്ത് ശിൽപശാല സംഘടിപ്പിച്ചു. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ശിൽപശാല നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. ശുചിത്വം, മാലിന്യ സംസ്കരണം, പരിസ്ഥിതി പുനഃസ്ഥാപനം എന്നീ വിഷയങ്ങളിൽ ശീലമാറ്റവും മനോഭാവ മാറ്റവും അനിവാര്യമാണെന്ന് ഡോ. ടി.എൻ. സീമ പറഞ്ഞു. റസിഡന്റ്സ് അസോസിയേഷൻ സംസ്ഥാനതല വർക്കിംഗ് പ്രസിഡണ്ട് അനിൽകുമാർ ശിൽപശാലയിൽ അധ്യക്ഷനായി. സംസ്ഥാന ജനറൽ സെക്രട്ടറി അജിത്കുമാർ പി.സി.,



നവകേരളം കർമപദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി. സുധാകരൻ എന്നിവർ സംസാരിച്ചു. പ്രോഗ്രാം ഓഫീസർ വി. രാജേന്ദ്രൻ നായർ അവതരണം നടത്തി. സംസ്ഥാനത്തെ എല്ലാ റസിഡന്റ്സ് അസോസിയേഷനുകളിലും മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങൾ എത്താനുതകുംവിധം സമയബന്ധിതമായി തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ശിൽപശാലയിൽ തീരുമാനമായി.

## പെരുനാട് ഹരിതപഞ്ചായത്ത് പ്രഖ്യാപനം

മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി പത്തനംതിട്ട റാന്നി പെരുനാട് ഗ്രാമ പഞ്ചായത്ത് സുന്ദര പെരുനാടിനായി കൈകോർക്കാം എന്ന സന്ദേശം ഉയർത്തി ഹരിതപഞ്ചായത്ത് പ്രഖ്യാപനം നടത്തി. കൊച്ചുപാലം ജംഗ്ഷനിൽ നിന്ന് ആരംഭിച്ച വിളംബര റാലി പഞ്ചായത്ത് പ്രസിഡന്റ് പി.എസ്. മോഹനൻ ഉദ്ഘാടനം ചെയ്തു. ബഥനി ഹൈസ്കൂളിൽ നടന്ന പൊതുസമ്മേളനത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായി. പഞ്ചായത്ത് സെക്രട്ടറി എൻ. സുനിൽകുമാർ ശുചിത്വ പ്രതിജ്ഞ ചൊല്ലികൊടുത്തു. ഹരിതപഞ്ചായത്ത് പ്രഖ്യാപനവും ഉദ്ഘാടനവും റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. എസ്. ഗോപി നിർവഹിച്ചു. ഹരിത അയൽകൂട്ട പ്രഖ്യാപനവും നടന്നു. പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളായും വിദ്യാലങ്ങളെ ഹരിത വിദ്യാലയങ്ങളായും പ്രഖ്യാപിച്ചു.

# പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത് : കുട്ടികളുടെ ഹരിതസഭയും ഹരിതവിദ്യാലയ പ്രഖ്യാപനവും

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മലപ്പുറം പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിലെ 'കുട്ടികളുടെ ഹരിതസഭയുടെ ഉദ്ഘാടനവും ഹരിതവിദ്യാലയ പ്രഖ്യാപനവും പ്രഡിഡന്റ് ഷംസു പുതുമ നിർവഹിച്ചു. പത്ത് വിദ്യാലയങ്ങളിൽ നിന്നായി 150 വിദ്യാർത്ഥികൾ, അധ്യാപക പ്രതിനിധികൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. മാലിന്യസംസ്കരണ രംഗത്തെ അവസ്ഥാ റിപ്പോർട്ടുകൾ ഓരോ വിദ്യാലയത്തെയും പ്രതിനിധീകരിച്ച് വിദ്യാർഥികൾ അവതരിപ്പിച്ചു. വിദ്യാർത്ഥികൾ അവതരിപ്പിച്ച റിപ്പോർട്ടുകൾ ക്രോഡീകരിച്ച് മാലിന്യ സംസ്കരണ രംഗത്ത് വിദ്യാർഥികൾ ഉന്നയിച്ച ആശയങ്ങൾ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പ്രസിഡന്റ് അറിയിച്ചു.



## കർളാട് തടാകം ഇനി ഹരിത ടൂറിസം കേന്ദ്രം

സർക്കാർ പ്രഖ്യാപിച്ച ശുചിത്വ മാനദണ്ഡങ്ങൾ കൃത്യമായി നടപ്പിലാക്കിയ, കേരളത്തിലെ തന്നെ പ്രമുഖ സാഹസിക വിനോദസഞ്ചാര കേന്ദ്രമായ വയനാട് കർളാട് തടാകം ഇനി ഹരിത ടൂറിസം കേന്ദ്രം. തരിയോട് ഗ്രാമപഞ്ചായത്തിന്റെയും ഡിടിപിസിയുടെയും ഹരിത കേരളം മിഷന്റെയും ആഭിമുഖ്യത്തിൽ നടത്തിയ ഹരിത ടൂറിസം പ്രഖ്യാപനവും സാക്ഷ്യപത്രം കൈമാറലും തരിയോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷമീം പാറക്കണ്ടി നിർവഹിച്ചു. വൈസ് പ്രസിഡന്റ് പുഷ്പ മനോജ് അധ്യക്ഷത വഹിച്ചു. ഡിറ്റിപിസി നിർവാഹക സമിതി അംഗങ്ങളായ പി.വി. സഹദേവൻ, വിജയൻ ചെറുകര എന്നിവർ മുഖ്യാതിഥികളായി. കർളാട് വിനോദസഞ്ചാര കേന്ദ്രം മാനേജർ ബൈജു തോമസ് സാക്ഷ്യപത്രം ഏറ്റുവാങ്ങി. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റ ഭാഗമായി ആവാസ വ്യവസ്ഥ സംരക്ഷിച്ചും, സന്ദർശകർക്ക് ആരോഗ്യകരമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും, പരിസ്ഥിതി സൗഹൃദ മനോഭാവ നിർമിതിക്കനുകൂലമായ വിധത്തിൽ നിയന്ത്രണങ്ങളും നിബന്ധനങ്ങളും ബോധവൽക്കരണവും നടപ്പാക്കിയും ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ സുസ്ഥിരവും മാതൃകാപരവുമായ പ്രവർത്തനങ്ങൾ നടത്തുന്നതുമായ വിനോദ സഞ്ചാര കേന്ദ്രങ്ങളെ ആണ് ഹരിത വിനോദ സഞ്ചാര കേന്ദ്രങ്ങൾ ആയി പ്രഖ്യാപിക്കുന്നത്.




## സമ്പൂർണ്ണ ഹരിത വിദ്യാലയ പ്രഖ്യാപനം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി തിരുവനന്തപുരം കിഴുവിലം ഗ്രാമപഞ്ചായത്തിലെ സമ്പൂർണ്ണ ഹരിത വിദ്യാലയ പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും കിഴുവിലം ഗവ. യു.പി.എസിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. രജിത നിർവഹിച്ചു. പറയത്തുകോണം സ്കൂളിന് ഹരിത വിദ്യാലയ സർട്ടിഫിക്കറ്റും നൽകി. മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി എന്നിവ വിലയിരുത്തൽ നടത്തിയാണ് ഗ്രേഡുകൾ നല്കിയത്. വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൻ സുലഭ അധ്യക്ഷത വഹിച്ചു. സ്കൂൾ HM ഷീബ ടീച്ചർ സ്വാഗതം ആശംസിച്ചു. 11 സ്കൂളുകളിൽ നിന്നും പ്രഥമ അധ്യാപകർ, നോഡൽ ഓഫീസർമാർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.



## ഇനി ഞാൻ ഒഴുകട്ടെ തൊടുപുഴ മുനിസിപ്പാലിറ്റി



ഇനി ഞാൻ ഒഴുകട്ടെ മൂന്നാം ഘട്ടം ഇടുക്കി തൊടുപുഴ മുനിസിപ്പാലിറ്റി തദ്ദേശ സ്ഥാപനതല ഉദ്ഘാടനം നഗരസഭ ആരോഗ്യകാര്യസ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം.എ. കരീം കുമ്പംകല്ല് തോടും പരിസരവും വൃത്തിയാക്കിക്കൊണ്ട് നിർവഹിച്ചു. മുൻസിപ്പാലിറ്റി ഹെൽത്ത് ഇൻസ്പെക്ടർ ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ജില്ലാ പഞ്ചായത്ത് പ്രതിനിധിയും വാർഡ് കൗൺസിലറും ആശംസകൾ അറിയിച്ചു. വ്യാപാരി വ്യവസായികൾ, ഹരിത കർമസേനാംഗങ്ങൾ, നഗരസഭ ക്ലീനിങ് തൊഴിലാളികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ നാട്ടുകാർ, പള്ളി കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

ശുചീകരണത്തിന്റെ ഭാഗമായി വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും തോട്ടിലേക്ക് തുറന്നുവച്ചിരിക്കുന്ന ഡ്രൈനേജ് ഹോസുകൾ അടപ്പിക്കാനുള്ള പ്രവർത്തനങ്ങൾ മുനിസിപ്പാലിറ്റി നടത്തും. ക്ലീനിങ്ങിന്റെ ഭാഗമായി തോട്ടിൽ നിന്ന് കിട്ടിയ കവറിനുള്ളിൽ വ്യക്തിയുടെ പേരും അഡ്രസ്സും അടങ്ങിയത് നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഹെൽത്ത് ഡിപ്പാർട്ട്മെന്റിന് കൈമാറി. തോടിന് ആഴം ഉള്ളതിനാലും മാനുഷികമായി ചെയ്യുന്നതിന് പരിധിയുള്ളതിനാലും യന്ത്ര സഹായത്തോടെ തുടർ പ്രവർത്തനങ്ങൾ നടത്തുമെന്ന് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അറിയിച്ചു.

## അങ്ങാടിപ്പുറം പഞ്ചായത്തിൽ ഹരിത ടൗൺ പ്രഖ്യാപനം

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ടൗൺ ഹരിത ടൗണായി പ്രഖ്യാപിച്ചു. അഴകുള്ള അങ്ങാടിപ്പുറം പദ്ധതി യാഥാർത്ഥ്യമാകുന്നതിന്റെ ഭാഗമായി ഒട്ടേറെ ശുചീകരണ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. റോഡരികിൽ



വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചു. മേൽപ്പാലത്തിനടിവശത്തെ മാലിന്യങ്ങളെല്ലാം നീക്കി മനോഹരമാക്കി. വീടുകളിൽ നിന്നും കടകളിൽനിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കാനായി ഫലവത്തായ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. പദ്ധതിയുടെ പഞ്ചായത്തുതല ഉദ്ഘാടനം പ്രസിഡന്റ് കോഴിപ്പാട്ടിൽ സഈദ നിർവ്വഹിച്ചു. സെക്രട്ടറി സുഹാസ് ലാൽ, പഞ്ചായത്തംഗങ്ങളായ സുനിൽബാബു, ഫൗസിയ, ജനപ്രതിനിധികൾ, പഞ്ചായത്ത് ഉദ്യോഗസ്ഥർ, ഹരിത കർമസേന അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## കോന്നി ഇക്കോ ടൂറിസം ഹരിതടൂറിസം കേന്ദ്രമായി

പത്തനംതിട്ട കോന്നി ഇക്കോടൂറിസം കേന്ദ്രത്തെ ഹരിത വിനോദസഞ്ചാര കേന്ദ്രമായി പ്രഖ്യാപിച്ചു. ആനകളുടെ മ്യൂസിയം, ഔഷധസസ്യ നഴ്സറി, തേൻസംസ്കരണശാല, അശോകവനം, തുളസീവനം,



നക്ഷത്രവനം, ക്രാഫ്റ്റ് ഷോപ്പ് എന്നിവ ഇവിടെയുണ്ട്. കാട്ടിൽ കൂട്ടംതെറ്റി ഉപേക്ഷിക്കപ്പെട്ടതോ, പരിക്കേറ്റ് വനപാലകർ കാട്ടിൽനിന്ന് രക്ഷിച്ചതോ ആയ ആനക്കുട്ടികളെ വളർത്തി പരിശീലിപ്പിക്കുകയാണ് ഇവിടെ. പൊതുശുചിത്വനിലവാരം, ജൈവ-അജൈവ മാലിന്യ പരിപാലനം, ആവശ്യമായ മാലിന്യ സംസ്കരണ ഉപാധികൾ, പ്ലാസ്റ്റിക് രഹിതപ്രദേശം, വൃത്തിയുള്ള ശുചിമുറികൾ, ഡിസ്പോസബിൾ വസ്തുക്കളുടെ നിരോധനം തുടങ്ങിയവ പരിഗണിച്ചാണ് ഗ്രേഡ് ചെയ്തത്.

## കോഴിക്കോട് ഹരിത ടൂറിസം കേന്ദ്രങ്ങൾ



മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് നഗരത്തിലെ മുഴുവൻ വിനോദ സഞ്ചാര കേന്ദ്രങ്ങളും ഹരിത ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി മാറ്റുകയാണ്. ആദ്യ ഘട്ടത്തിൽ ആർട്ട് ഗ്യാലറി, മാനാഞ്ചിറ, പ്ലാനറ്റോറിയം എന്നീ മൂന്നു വിനോദ സഞ്ചാര കേന്ദ്രങ്ങളെ ഹരിത ടൂറിസ്റ്റ് കേന്ദ്രമാക്കി പ്രഖ്യാപിച്ചു. മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ, ടോയ്‌ലെറ്റുകളുടെ ശുചിത്വം, ഗ്രീൻ പ്രോട്ടോകോൾ പാലിക്കൽ, ജലലഭ്യത, കുടിവെള്ള ലഭ്യത, പാർക്കിംഗ് സംവിധാനം, വിശ്രമകേന്ദ്രം എന്നിവ ഉറപ്പുവരുത്തിയാണ് ഹരിത ടൂറിസ്റ്റ്കേന്ദ്രമാക്കി പ്രഖ്യാപനം നടത്തിയത്. പ്ലാനറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കോഴിക്കോട് കോർപ്പറേഷൻ മേയർ ഡോ. ബീന ഫിലിപ്പ് എം. ഹരിത ടൂറിസകേന്ദ്ര പ്രഖ്യാപനം നടത്തി.

## പാലക്കാട് ജില്ലയിൽ 610 ഹരിത ഗ്രന്ഥശാലകൾ



മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ 610 ഗ്രന്ഥശാലകൾ മാർച്ച് 10 നകം ഹരിത ഗ്രന്ഥശാല പദവി കരസ്ഥമാക്കുമെന്ന് ഗ്രന്ഥശാല പ്രതിനിധികളുടെ യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ പറഞ്ഞു. എല്ലാ താലൂക്കിലും ലൈബ്രേറിയൻമാരുടെയും സെക്രട്ടറിമാരുടെയും യോഗം വിളിച്ച് ക്യാമ്പയിൻ പ്രവർത്തനം ഊർജ്ജിതമാക്കാൻ യോഗത്തിൽ തീരുമാനിച്ചു. എല്ലാ ഗ്രന്ഥശാലയിലും മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനുമായി ബന്ധപ്പെട്ട് പ്രതിമാസ പരിപാടികൾ സംഘടിപ്പിക്കും. ക്യാമ്പയിനുമായി ബന്ധപ്പെടുത്തി ബാലവേദി, വനിതാവേദി, ഹരിത കർമസേന അംഗങ്ങളെ ആദരിക്കൽ എന്നീ പരിപാടികളും സംഘടിപ്പിക്കും. ജില്ലാ പഞ്ചായത്തിൽ നടന്ന യോഗത്തിൽ ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ടി. കെ. നാരായണദാസ് അധ്യക്ഷനായി. ലൈബ്രറി കൗൺസിൽ സെക്രട്ടറി പി.എൻ. മോഹനൻ, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ പി. സെയ്തലവി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗം വി.കെ. ജയപ്രകാശ് തുടങ്ങിയവർ പങ്കെടുത്തു.

## മേലാമുറി : ഹരിത മാർക്കറ്റ് പ്രഖ്യാപനം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി പാലക്കാട് നഗരസഭയിലെ മേലാമുറി പച്ചക്കറി മാർക്കറ്റ് ഹരിത മാർക്കറ്റായി പ്രഖ്യാപിച്ചു. നഗരസഭാ സ്ഥിരം സമിതി ചെയർമാൻ സ്മിതേഷ് അധ്യക്ഷനായ ചടങ്ങിൽ നഗരസഭ ചെയർപേഴ്സൺ പ്രമീള ശശിധരൻ പരിപാടി ഉദ്ഘാടനം ചെയ്തു. ചുവരെഴുത്തുകൾ, ബോട്ടിൽ ബൂത്തുകൾ, ബിന്നുകൾ സ്ഥാപിക്കൽ, ശുചിമുറികളുടെ പുനർനിർമാണം തുടങ്ങിയവ പ്രഖ്യാപനത്തോടനുബന്ധിച്ച് നഗരസഭ തയ്യാറാക്കി.

# ഹരിത ധർമ്മടം

## അവലോകനയോഗം

നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പങ്കെടുത്തുകൊണ്ട് 2025 ജനുവരി 21ന് വേങ്ങാട് ഗ്രാമപഞ്ചായത്തിൽ ഹരിത ധർമ്മടം അവലോകനയോഗം നടന്നു. ധർമ്മടം മണ്ഡലത്തിലെ 8 ഗ്രാമപഞ്ചായത്തുകളിലെയും അധ്യക്ഷന്മാർ, സെക്രട്ടറിമാർ, ഹരിതകേരളം മിഷൻ സംസ്ഥാന - ജില്ലാ പ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിയാണ് യോഗം നടന്നത്. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഉൾപ്പെടെ ധർമ്മടം മണ്ഡലത്തിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ അവലോകനമാണ് നടന്നത്. യോഗത്തിൽ, നിലവിൽ ധർമ്മടം മണ്ഡലവുമായി ബന്ധപ്പെട്ട് നടന്നു വരുന്ന പ്രവർത്തനങ്ങൾ മുഖ്യമന്ത്രിയുടെ മണ്ഡലം ഓഫീസ് പ്രതിനിധി കെ. പ്രദീപൻ വിശദീകരിച്ചു. നവകേരളം കർമപദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർമാരായ ടി.പി. സുധാകരൻ, എബ്രഹാം കോശി, സഞ്ജീവ് എസ്.യു. എന്നിവർ ഹരിതകേരളം മിഷനുമായി ചേർന്ന് ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കേണ്ട പദ്ധതികളെയും പരിപാടികളെയും സംബന്ധിച്ച് വിശദീകരണങ്ങൾ നടത്തി. ഹരിതകേരളം മിഷൻ കണ്ണൂർ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ, മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സ്ഥിതി വിവരങ്ങൾ, മറ്റു ഹരിത ധർമ്മടം പ്രവർത്തനങ്ങളും തുടർ പ്രവർത്തനങ്ങളും സംബന്ധിച്ച അവതരണം നടത്തി. മണ്ഡലത്തിലെ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനുമായി ബന്ധപ്പെട്ട മുഴുവൻ പ്രഖ്യാപനങ്ങളും പൂർത്തീകരിച്ച് മാർച്ചിൽ മണ്ഡലതല പ്രഖ്യാപനം നടത്തുന്നതിന് യോഗം തീരുമാനിച്ചു. പാഷൻ ഫ്രൂട്ട് വാല്യൂ ചെയിൻ, തരിശു പ്രവർത്തനങ്ങൾ, പച്ചത്തുരുത്ത്, ഹരിത കർമസേന പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണം സംവിധാനങ്ങൾ സ്ഥാപിക്കൽ, കാവിൻ പള്ള ക്യാരി റീചാർജ്ജിങ്, ജലഗുണതാ ലാബ്, പഴശ്ശി ജലസേചന പദ്ധതി തുടങ്ങിയ വിഷയങ്ങളും യോഗം ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈക്കൊണ്ടു.

# ശുചിത്വം സുന്ദരം തിരുമാറാടി




മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ തദ്ദേശ സ്ഥാപനങ്ങളിൽ ജനകീയ ഹരിത പ്രഖ്യാപനങ്ങളുടെ ഭാഗമായി എറണാകുളം തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ഹരിത ടൗണുകളുടെ പ്രഖ്യാപനം നടത്തി. ശുചിത്വം സുന്ദരം തിരുമാറാടി പദ്ധതിയുടെ ഭാഗമായി നടന്ന ചടങ്ങിൽ പ്രസിഡന്റ് അഡ്വ. സന്ധ്യമോൾ പ്രകാശ് ഹരിത ടൗണുകളുടെ പ്രഖ്യാപനം നടത്തി. ജനപ്രതിനിധികൾ, ഹരിതകർമ സേനാംഗങ്ങൾ, വ്യാപാരി വ്യവസായികൾ, ഓട്ടോറിക്ഷ തൊഴിലാളികൾ എന്നിവർ പങ്കെടുത്തു. തിരുമാറാടി പഞ്ചായത്ത് ജംഗ്ഷൻ, മണ്ണത്തൂർ അത്താണിക്കൽ ജംഗ്ഷൻ എന്നിവയാണ് ആദ്യഘട്ട ഹരിത ടൗണുകളായി പ്രഖ്യാപിച്ചത്.

# ജല ഗുണനിലവാര പരിശോധന ലാബ്



ഹരിതകേരളം മിഷന്റെ ഭാഗമായി ജല ഗുണനിലവാര പരിശോധനലാബ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പേഴയ്ക്കാപ്പിള്ളിയിൽ എറണാകുളം പായിപ്ര പഞ്ചായത്ത് പ്രസിഡന്റ് അസീസ് പി.എം. നിർവ്വഹിച്ചു. യോഗത്തിൽ ജില്ലാ പഞ്ചായത്ത് മെമ്പർ ഷാന്റി എബ്രഹാം അധ്യക്ഷത വഹിച്ചു. ഹയർ സെക്കൻഡറി കെമിസ്ട്രി അധ്യാപിക സുജിത ടീച്ചറിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ ജല പരിശോന കിറ്റ് ഏറ്റു വാങ്ങി ജല പരിശോധനയ്ക്ക് തുടക്കം കുറിച്ചു.

# മുളന്തുരുത്തി ബ്ലോക്കിൽ ഹരിത പ്രഖ്യാപനം

മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി **എറണാകുളം ജില്ലയിൽ ആദ്യ സമ്പൂർണ്ണ ബ്ലോക്ക് തല ഹരിത പ്രഖ്യാപനം** ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് നിർവഹിച്ചു. മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷാജി മാധവൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ആമ്പല്ലൂർ, മണിട്, എടക്കാട്ടു വയൽ, ചോറ്റാനിക്കര, മുളന്തുരുത്തി, ഉദയംപേരൂർ എന്നീ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന മുളന്തുരുത്തി ബ്ലോക്കിലെ ആകെ 138 സർക്കാർ -പൊതുമേഖലാ -അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, 70 വിദ്യാലയങ്ങൾ, 7 കലാലയങ്ങൾ, 152 അങ്കണവാടികൾ,1079 അയൽക്കൂട്ടങ്ങൾ എന്നിവയുടെ ഹരിത പ്രഖ്യാപനമാണ് നടത്തിയത്.ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ പഞ്ചായത്തുകളിലേയും വിദ്യാലയങ്ങൾ, അങ്കണവാടികൾ, സർക്കാർ ഓഫീസുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, അയൽക്കൂട്ടങ്ങൾ എന്നിവ നേരിൽ പരിശോധിച്ച്, ഗ്രേഡ് നടത്തുകയും പോരായ്മകൾ പരിഹരിച്ച് അവരെ നിശ്ചിത നിലവാരത്തിലേക്ക് ഉയർത്തിയുമാണ് ബ്ലോക്ക്തല ഹരിത പ്രഖ്യാപനം നടത്തിയത്.









കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ തൃശൂരിൽ സംഘടിപ്പിച്ച കേരള സയൻസ് കോൺഗ്രസിന്റെ ഭാഗമായി നടന്ന നാഷണൽ സയൻസ് എക്സ്പോ 2025 പ്രദർശനത്തിൽ ഹരിതകേരളം മിഷൻ ഒരുക്കിയ സ്റ്റാൾ

## വലിയപറമ്പ ഗ്രാമപഞ്ചായത്തിലെ ഓഫീസുകളെല്ലാം ഇനി ഹരിതം

കാസർഗോഡ് വലിയപറമ്പ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി വലിയപറമ്പ ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ഹരിതമായി പ്രഖ്യാപിച്ചു. ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് പ്രവർത്തിക്കൽ, ജൈവ - അജൈവ മാലിന്യ സംസ്കരണം ശാസ്ത്രീയമായി നടത്തൽ, ഓഫീസ് സൗന്ദര്യവല്ക്കരണം, പച്ചത്തുരുത്തുകൾ, ജലസംരക്ഷണ പ്രവർത്തനങ്ങൾ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയാണ് പ്രധാനമായും സൂചകങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളത്. മുഴുവൻ സ്ഥാപനങ്ങളും A+, A ഗ്രേഡുകൾ കരസ്ഥമാക്കിയതിനാലാണ് പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ഹരിതമായി പ്രഖ്യാപിച്ചത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.വി. സജീവന്റെ അദ്ധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് മാധവൻ മണിയറ പഞ്ചായത്തുതല ഹരിത സ്ഥാപന പ്രഖ്യാപനം നടത്തി.



## മാരാരിക്കുളം ബീച്ചിൽ യൂത്ത് മീറ്റ് സംഘടിപ്പിച്ചു

ആലപ്പുഴ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി യുവം 2025 എന്ന പേരിൽ യൂത്ത് മീറ്റ് സംഘടിപ്പിച്ചു. മാരാരി ബീച്ചിൽ സംഘടിപ്പിച്ച പരിപാടിയിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള ചർച്ചയിൽ പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും അവർ തന്നെ നിർദ്ദേശിച്ചു. എസ്.എൻ. കോളേജിലെ എൻ.എസ്.എസ്.അംഗങ്ങൾ, എസ്സ് ട്രസ്റ്റ് സ്കൂൾ ഗ്രീൻ ക്ലബ് അംഗങ്ങൾ, വിവിധ സ്കൂളുകളിലെ അധ്യാപകർ എന്നിവർ പങ്കെടുത്തു. ചടങ്ങിൽ പി.പി. ചിത്തരഞ്ജൻ എംഎൽഎ ഹരിത സ്കൂളുകൾക്കും ഹരിത കോളേജിനും (എസ്.എൻ. കോളേജ്) സർട്ടിഫിക്കറ്റ് കൈമാറി. കൂടാതെ ഹരിത പാർക്ക് - SL പുരം പാർക്ക്, ഹരിത ടൗൺ - കണിച്ചുകുളങ്ങര അമ്പല ജംഗ്ഷൻ, ഹരിതവീഥി - SL പുരം റോഡ്, ഹരിത ടൂറിസം - മാരാരിക്കുളം ബീച്ച് എന്നിവയുടെ പ്രഖ്യാപനവും നടന്നു. വിദേശ രാജ്യങ്ങളിലെ മാലിന്യ സംസ്കരണവും വിവിധ മാർഗ്ഗങ്ങളെയും കുറിച്ച് ടൂറിസ്റ്റുകളായ ഫ്രാൻസ്, മെക്സിക്കോ, സ്വീഡൻ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ നിന്നുള്ളവർ സംസാരിച്ചു.




Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246